Mr. M. K. Raja *(Mulakunnathukavu)*: May I know, whether the Government have any objection to distributing sweets to the members of the public also so that the occasion may be made as sweet as possible to them also ? *(laughter)*.

INSTRUCTORS IN THE RAMA VARMA TECHNOLOGICAL INSTITUTE— DETAILS REGARDING

230. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) രാമവർമ്മ ടെക്ക്നോളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിതരായിട്ടുള്ളവരിൽ സിവിൽ എഞ്ചിനീയറിങ്ങ്, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ്, എലക്ട്രിക്കൽ എഞ്ചിനിയറിങ്ങ് ഇവയിൽ സർവ്വകലാശാല ബിരുദധാരികൾ ആരെങ്കിലും ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർ ആരെല്ലാമെന്നും, ഏതേതു കോളേജിൽനിന്നും, ഏതേതു സർവ്വകലാശാലാബിരുദങ്ങളാണ് ഓരോരുത്തർക്കും ഉള്ളതെന്നും പറയാമോ;

(സി) ഇവരിൽ കൊച്ചിക്കാർ ആരെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാം;

(ഡി) സർവ്വകലാശാലാബിരുദധാരികളായ ഓരോ അദ്ധ്യാപകന്മാർക്ക പ്രതിമാസം എത്ര ഉറപ്പിക്കപ്പെട്ടതാം ശമ്പളമാണ് കൊടുക്കുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മഹാരാജാ ടെക്ക്നോളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു സിവിൽ എഞ്ചിനീയറിങ്ങ് ബിരുദധാരിയുണ്ട്.

(ബി) മിസ്റ്റർ എം. ഡി. നാരായണയ്യർ. മദ്രാസ്സ് എഞ്ചിനീയറിങ്ങ് കോളേജിൽ നിന്നു മദ്രാസ്സ് സർവ്വകലാശാല ബി. ഇ. ബിരുദം.

(സി) ഉണ്ട്. മിസ്റ്റർ എം. ഡി. നാരായണയ്യർക്ക് ൨൦൦-൪൦൦ ക. ഗ്രേഡിൽ ൨൫൦ ക. ശമ്പളം.

മസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര അദ്ധ്യാപകന്മാരുണ്ട് ഈ Institute-ൽ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുകൂടാതെ പറയുവാൻ സാധിക്കയില്ല.

Mr. President: The Hon'ble Minister will say, he wants notice.

Mr. P. Govinda Menon *(Minister for Food and Education)*: Yes Sir, I want notice.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്ര അദ്ധ്യാപകന്മാരുണ്ടെന്നു പറയുവാൻ സാധിക്കയില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബിരുദധാരികൾ എത്രയുണ്ടെന്നു ചോദിച്ചാൽ പറയാം. അദ്ധ്യാപകന്മാർ എത്രയുണ്ടെന്നു പറയണമെങ്കിൽ നോട്ടീസ്സുവേണം.

മിസ്റ്റർ കെ. ഗോവിന്ദമേനോൻ: ബഡ്ജറിന്റെ ൧൨൯-ാം പേജ് നോക്കിയാൽ അറിയാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരിൽ സർവ്വകലാശാലാബിരുദധാരികളെ കൂടാതെയാണോ സിവിൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനിയറിംഗ്, എലക്ട്രിക്കൽ എഞ്ചിനിയറിംഗ് ഈ മൂന്നു സെക്ഷൻ ആ ഇൻസ്റ്റിറ്റ്യൂട്ടിൽ തുടങ്ങിയിട്ടുള്ളതു?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: The matter of new appointments to the College is under consideration. The College was started only in the month of Mithunam. The appointments have not been made yet.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സിവിൽമിൽ നടത്തിയിരുന്നതല്ലെ ഈ ടെക്കനോളോജിക്കൽ ഇൻസിറ്റ്യൂട്ട് ആക്കിയതു.

റാവു സാഹിബ് എ. മാധവപ്രഭു: അതെ. അതു കൺവർട്ടുചെയ്തതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സിവിൽമില്ലായിട്ടു നടത്തിയിരുന്നപ്പോൾ, പുതിയതായി നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരേക്കാൾ പരീക്ഷായോഗ്യതയുള്ളവരും കൂടുതൽ സർവ്വീസ്സുള്ളവരുമായ തനി കൊച്ചിക്കാർ അതിൽ ഉണ്ടായിരുന്നില്ലെ?

റാവു സാഹിബ് എ. മാധവപ്രഭു: നിയമനം നടത്തിയിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എം. ഡി. നാരായണയ്യർ ഒഴികെ ടെക്നോളോജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ Engineering graduate ആയി വേറെആരേയും നിയമിച്ചിട്ടില്ലെ?

റാവു സാഹിബ് എ. മാധവപ്രഭു: ആരേയും നിയമിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. എ. മഹമ്മദ് അഷ്റഫ്: അദ്ധ്യാപകന്മാരെ ആരേയും നിയമിച്ചിട്ടില്ല എന്നു പറഞ്ഞു. അപ്പോൾ അവിടെ പഠനം തുടങ്ങിയിട്ടില്ലെ?

റാവു സാഹിബ് എ. മാധവപ്രഭു: പഠിപ്പു തുടങ്ങീട്ടുണ്ട്. പഴയ ആളുകൾതന്നെയാണ് പഠിപ്പിക്കുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എം. ഡി. നാരായണയ്യർതന്നെയാണോ ഈ മൂന്നു സെക്ഷനിലും പഠിപ്പിക്കുന്നതു്?

റാവു സാഹിബ് എ. മാധവപ്രഭു: ആരൊക്കെയാണ് ഓരോ ഡിവിഷനിലും പഠിപ്പിക്കുന്നതെന്നു നോട്ടീസ്സു കൂടാതെ പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇതൊരു Full time Institution ആണോ?

റാവു സാഹിബ് എ. മാധവപ്രഭു: Full time ആണ്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: തീച്ചയുണ്ടൊ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: That is my present information.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എൽ. ഇ. ഇ. പരീക്ഷ പാസ്സായിട്ടുള്ളവരെ ഉദ്യോഗത്തിന്നാവശ്യമുണ്ടെന്നു ഗവണ്മെണ്ടു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടൊ?

റാവു സാഹിബ് എ. മാധവപ്രഭു: പല ഉദ്യോഗങ്ങൾക്കും ആളെ ആവശ്യപ്പെട്ടുകൊണ്ടു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എൽ. ഇ. ഇ. പരീക്ഷ പാസ്സായിട്ട് ഇപ്പോൾ ഉള്ളവരെ പറഞ്ഞയച്ചു് പുറമെനിന്നു വേറെ ആളെ വെക്കണമെന്നാണൊ ഉദ്ദേശം?

റാവു സാഹിബ് എ. മാധവപ്രഭു: അവിടെയുള്ളവരെ പറഞ്ഞയക്കണമെന്നുദ്ദേശമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു ഒരു Technical institution ആയി നടത്തണമെന്നുണ്ടെങ്കിൽ സിവിൽ ആയിരുന്നപ്പോൾ ഉണ്ടായിരുന്നവരിൽ പരീക്ഷായോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെ അവിടെ അദ്ധ്യാപകന്മാരായി നിയമിക്കുവാൻ ഗവണ്മെണ്ടു് സദ്ധ്യം ശ്രമിക്കുമൊ?

റാവു സാഹിബ് എ. മാധവപ്രഭു: ശ്രമിക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒരാൾ അവിടെ ഉണ്ടെങ്കിൽ ബാക്കിയുള്ള നിയമനങ്ങളിൽ അദ്ദേഹത്തിന്റെ സ്വന്തക്കാരേയും സ്വജാതിക്കാരേയും തന്നെ നിയമിക്കാതിരിക്കുവാൻ ശ്രമിക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തീച്ചയായും ശ്രമിക്കാം.

WORK IN THE OFFICES OF THE REVENUE TAHSILDARS

231. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം പറപടി പറയുമോ —

(എ) ഓരോ താലൂക്കിലുമുള്ള റവന്യു താസിൽദാർമാരുടെ ഔദ്യോഗിക ജോലി കഴിഞ്ഞ അഞ്ചു കൊല്ലമായിട്ടു ഓരോരുത്തരെകൊണ്ടു ശരിയാംവണ്ണം ചെയ്യുതീക്കാൻ സാദ്ധ്യമല്ലാത്തവിധം വർദ്ധിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ജോലി ത്വരിതകരമായി ചെയ്യിക്കാൻ ഗവണ്മെണ്ടു് എന്തു നടപടി എടുത്തിട്ടുണ്ടു്;

(സി) ഓരോ താസിൽദാർമാരുടേയും ആപ്പീസ്സിൽ ആറു മാസവും ഒരു കൊല്ലവും അതിൽ കൂടുതൽ കാലവും pending ഇരിക്കുന്ന ഫയൽസ് എത്ര?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) കൊടുങ്ങല്ലൂർ താലൂക്കു ഒഴിച്ചു ബാക്കി എല്ലാ താലൂക്കുകളിലും ജോലി വർദ്ധിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly